(ബി) അടൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ശ്രീ. കുര്യൻ ജോർജ്ജ് ഫയൽ ചെയ്ത കേസിനെതിരായി, കോളേജ് പ്രിൻസിപ്പൽ ഹൈക്കോടതിയിൽ CRLMC No. 2115/2001 (D) നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ആരോപണം ഉന്നയിക്കപ്പെട്ട വിദ്യാർത്ഥി, ശ്രീ. മിഥുൻ കൃഷ്ണൻ, പരാതിക്കാരിക്ക് 20,000 രൂപ നൽകിക്കഴിഞ്ഞാൽ, കീഴ്ക്കോടതിയിലെ എല്ലാ തുടർനടപടികളും അവസാനിക്കുമെന്ന ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീ. മിഥുൻ കൃഷ്ണൻ തുക പരാതിക്കാരിക്ക് നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ, പ്രിൻസിപ്പാളിനെതിരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പാലൂർ ഗവ. യു. പി. സ്കൂളിൽ നിന്നും വിരമിച്ച പ്രധാനാദ്ധ്യാപകൻ ശ്രീ. പി. കെ. ചാമിയുടെ പെൻഷൻ നൽകാൻ നടപടി

105 [2995] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് എ. ഇ. ഒ.-യുടെ കീഴിലുള്ള അട്ടപ്പാടി പാലൂർ ഗവ. യു. പി. സ്കൂളിൽ നിന്നും 2002 ജൂണിൽ വിരമിച്ച പ്രധാനാദ്ധ്യാപകൻ ശ്രീ. പി. കെ. ചാമിയുടെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെയും നൽകിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിയാന്റെ പേരിലുണ്ടായിരുന്ന നടപടികളിൻമേൽ വിദ്യാഭ്യാസ ഡയറക്ടർ തീർപ്പു കൽപ്പിച്ച് ഉത്തരവ് നൽകിയിട്ടും, മണ്ണാർക്കാട് എ. ഇ. ഒ. ഇത് അംഗീകരിച്ച് ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. പി. കെ. ചാമിയുടെ പേരിൽ ഇപ്പോൾ എന്തെങ്കിലും നടപടി ശേഷിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടിയാന് അടിയന്തിരമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടി പാലൂർ ഗവ. യു. പി. സ്കൂളിൽ നിന്നും വിരമിച്ച പ്രധാനാദ്ധ്യാപകൻ ശ്രീ. പി. കെ. ചാമിയുടെ പെൻഷൻ, കമ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങളിൽ ഗ്രാറ്റുവിറ്റി തുക മാത്രം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണത്തിൽ തിരിമറി നടന്നതായി പരാതിപ്പെട്ട സാഹചര്യത്തിൽ 19,205 രൂപ (പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റിയഞ്ച് രൂപ മാത്രം) ശ്രീ. ചാമിയുടെ വ്യക്തിപരമായ

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യതയായി കണക്കാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർ 18-8-2003-ന് ടിയാന് നോട്ടീസ് നൽകിയിരുന്നു. തിരിമറി നടന്നതായി ആരോപിക്കപ്പെട്ടിട്ടുള്ള തുകയായ 19,205 രൂപ കഴിച്ചുള്ള ഡിസിആർജി നൽകുവാൻ മണ്ണാർക്കാട് എ. ഇ. ഒ. 10-3-2005-ൽ ട്രഷറി ഓഫീസർക്ക് ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 18-8-2003-ലെ നോട്ടീസിന് ശ്രീ. ചാമിയുടെ വിശദീകരണം കൂടി പരിഗണിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 18-8-2003-ന് നൽകിയ നോട്ടീസിൻമേലുള്ള നടപടി അവശേഷിക്കുന്നുണ്ട്.

(ഡി) തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ട 19,205 രൂപ കഴിച്ചുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ ഇതിനകം ഉത്തരവായിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

106 [2996] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട്, മഞ്ചേരി സബ് ജില്ലകളിൽപ്പെട്ട തോട്ടുപൊയിൽ, തവരാപറമ്പ്, വാവൂർ, പുത്താലം, തെഞ്ചേരി, കുഴിമണ്ണ സെക്കന്റ് സൗത്ത് എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ സ്കൂളുകൾ എന്നത്തേക്ക് അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ, ബി, സി ആന്റ് ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ നിർമ്മാണം

107 [2997] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly